യാതനാശരീരം

ടി. ശ്രീവത്സൻ

യാതനാശരീരം

ടി. ശ്രീവത്സൻ

(മലയാളം: ചെറുകഥ)

© 2020, T. Sreevalsan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

A buffalohide puppet used in Nang Yai, a form of shadow play from Thailand, a photograph by Steve Evans.
The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

യാതനാ ശരീരം

ബലിക്കാക്കയുടെ വിഷാദം കലർന്ന ചെരിഞ്ഞുനോട്ടവുമായി തിരുനെല്ലിയിലേക്കുള്ള ബസ്സ് മാനന്തവാടി സ്റ്റാന്റിൽ, തിരക്കിൽനിന്നും മാറി ഓരംചേർന്ന് നിൽക്കുന്നു. വൈക്കത്തുനിന്നോ മറ്റോ കാലത്തുപുറപ്പെട്ട ബസ്സാണെങ്കിലും നേരിട്ടേ യാത്രക്കാർ ആത്രംതന്നെയില്ല. രാത്രി ഏഴ്മണിയോടെ അവിടെയെത്തുമെന്ന് കണ്ടക്ടർ പറഞ്ഞു. അപ്പോഴേക്കും ദീപാരാധന കഴിഞ്ഞിരിക്കും. താമസം നേരത്തേ ബുക്കുചെയ്യുകകൊണ്ട് അലയേണ്ടതില്ലെന്നു മാത്രം.

കാട്ടിക്കുളത്തുനിന്ന് റോഡുതിരിഞ്ഞതുമുതൽ ചെറുതായി മഴ പൊഴിയാൻതുടങ്ങി. തണുപ്പ്, കാറ്റ്, സന്ധ്യ, കട്ടം നിലവർണ്ണത്തിൽ ഇരുട്ടുകൊണ്ടുവരച്ച നിഴൽച്ചിത്രങ്ങൾ! കൊടുംവളവുകളിൽ ഹോണടിക്കാതെ, വേഗം കറയ്ക്കാതെ ബസ്സുപറപ്പിക്കുന്നതു കണ്ട തുള്ളിച്ചാടിയിരുന്ന ഏതുയോ വനയാത്രകൾ കഴിഞ്ഞിരിക്കുന്നു. ഇരുട്ടത്ത് പാതനിറഞ്ഞ് ആനനിന്നാൽ കാണുകപോലുമില്ല. എതിരെ ഒരു ചെറിയ വാഹനം വന്നാൽപോലും തീർന്നു. പക്ഷെ, ഈ യാത്രയിൽ കാറ്റ് എന്നെ സ്പർശിക്കുന്നേയില്ല. കോടനിറഞ്ഞ വളവുകളിൽ, മരണവുമായി മുഖാമുഖത്തിനു തയ്യാറായി ബസ്സോടിക്കുന്ന ഡ്രൈവറെ നിസ്സംഗമായി നോക്കിക്കൊണ്ട് ഞാൻ തിരുനെല്ലി സമീപിക്കുന്നതറിഞ്ഞു.

ലോഡ്ജിലെ കൗണ്ടറിൽ റിസർവേഷൻ കടലാസുകാണിച്ച് മുറിഉറപ്പിച്ച് കുളികഴിഞ്ഞുവന്നതത്തി ഞാൻ ക്ഷേത്രത്തിലേക്കുള്ള കരിങ്കൽപ്പടവുകൾ കയറി. മഴയും കോടയും കൊണ്ട് മിഴിവാറ്റം വിജനമായ വഴിപാടു കൗണ്ടറിൽ നാളേയ്ക്കുള്ള 'ഓരൾപ്പിണ്ഡ'ത്തിന്റെ രസീതാക്കി.

"ദീപാരാധന കഴിഞ്ഞു. എങ്കിലും പുറത്ത് നടയ്ക്ക് ദീർഘദണ്ഡനമസ്കാരം ചെയ്യോളൂ. കാലത്ത് ആറുമണിക്ക് ബലിസാധനങ്ങൾ കൗണ്ടറിൽനിന്ന വാങ്ങി പാപനാശിനിയിലേക്ക ചെല്ലാം."

ഇരുട്ടിൽ കരിങ്കൽക്കെട്ടുകളിൽ പിതൃക്കളുടെ നിഴലനക്കങ്ങൾ കണ്ടുനടന്നു. നിസ്സംഗരായതിനാൽ അവരുടെ ഭാവം. ശബ്ദമില്ല. സ്പർശമില്ല. വിനിമയമില്ല. മറ്റലോകത്തുനിന്ന് ജീവന്റെ ലോകത്തേക്കുള്ള അപ്രാപ്യതമാത്രം. അക്കേറിയതിന്റെ കണ്ണാടിഭിത്തിയിൽ മീനുകൾ വന്ന് ശബ്ദമില്ലാതെ സംസാരിക്കുന്നതുപോലെ. അർദ്ധരാത്രിയിൽ ബ്രഹ്മാവ് വന്ന് നിത്യവും ചെയ്യുന്ന എന്നു വിശ്വസിക്കുന്ന പൂജയായി, സാമഗ്രികളൊരുക്കിവെച്ച് തിരുമേനി എട്ടുമണിയോടെ നടയടച്ചു.

ഹോട്ടലിൽനിന്ന് അത്താഴം കഴിച്ചെന്നുവരുത്തി, ലോഡ്ജിലേക്ക തിരിച്ചുനടന്നു. നാലുപാടും ആകാശംമുട്ടെ ഉയർന്നുനിൽക്കുന്ന ബ്രഹ്മഗിരി നിരകളുടെ നടുത്തട്ടത്തിൽ, വിജനമായ സ്റ്റേഡിയത്തിൽ മരണവുമായി മല്ലയുദ്ധത്തിനു തയ്യാറായ യോദ്ധാവിന്റെ ചിത്രം എങ്ങനെയോ തലയുകൂത്ത കയറിക്കൂടി. രാത്രിക്ക കൊഴുപ്പുകൂട്ടാനായി തിങ്ങിനിറഞ്ഞുനിൽക്കുന്ന മേഘങ്ങൾക്കിടയിലൂടെ രണ്ടോ മൂന്നോ തെളിഞ്ഞ നക്ഷത്രങ്ങൾ ഒളിഞ്ഞു നോക്കുന്നുണ്ട്. പ്രേതസിനിമകളിൽ ഇഫക്ടിനായി ഉപയോഗിക്കാറുള്ള തീയേറ്റിക്കൽ ഫോഗുപോലെ മഴയിൽ കട്ടികൂടിയ പാറിവന്ന കോടയും ക്രിയായപ്പോൾ ഞാനാ നാടകം വെറുത്തു മുറിയിലേക്ക കയറി. 'അത്...' ഇപ്പോഴും വളരെ നേർത്ത ശബ്ദത്തിൽ കേൾക്കുന്നുണ്ടോ എന്ന് കാതോർക്കുമ്പോഴും മേലാസകലം തരിപ്പ പടർന്നുകൊണ്ടിരുന്നു. നീണ്ട യാത്രയുടെ വലിവുകൾ ശരീരമാസകലം പടരുന്നുണ്ടായിരുന്നതിനാൽ എപ്പോഴോ ഉറക്കത്തിലേക്ക കൂപ്പുകുത്തി.

കാലത്ത് ആറുമണിക്ക് കൗണ്ടറിൽ രസീതുകാണിക്കാൻ നേരത്ത് ഉറവരാരോ പിരിഞ്ഞതിന്റെ പടവുമാറാത്ത രണ്ടു സ്ലീക്കൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഇരുതിരക്കേറണ്ട് കണ്ടിട്ടില്ലത്രെ. ബലിസാമഗ്രികളുമായി അവരോടൊപ്പം പാപനാശിനിയിലേക്ക നടന്നു. അകലമുള്ള കരിങ്കൽപ്പടവുകളിറങ്ങാൻ അവർ ക്ലേശിക്കുന്നുണ്ടായിരുന്നു. പഞ്ചതീർത്ഥക്കരയിൽ ഒരിത്തിരി നിന്ന് കിതപ്പാറ്റുമ്പോൾ കയ്യിൽ വഹിക്കുന്ന നാക്കിലയും ദർഭയും എള്ളും പൂവുമൊക്കെ അതിന്റേതായ കനംകൊണ്ട് കടച്ചിലുണ്ടാക്കുന്നതറിഞ്ഞു. സ്വന്തം അച്ഛന്റെ മരണാനന്തരച്ചടങ്ങിൽനിന്ന പോലും വിട്ടുനിന്ന ശത്രുമായിരുന്ന യൗവനത്തിൽ. ചിതയുടെ മർമ്മങ്ങളിൽ കൊള്ളരോടാഞ്ഞായതാൽ കൊള്ളിവയ്ക്കാൻ പറഞ്ഞപ്പോൾ 'അച്ഛനെ പച്ചയ്ക്കുകൊള്ളാൻ മടിയില്ലാത്ത ജന്തുക്കൾ...' എന്നു പിറുപിറുത്ത് മാറിനിന്നവനാണ്. പിന്നെ ഇതുപോലെ ഒറ്റയ്ക്കുള്ള വരവിൽ അച്ഛൻ വല്ലാത്തൊരു സാന്നിധ്യമായി തോന്നിയപ്പോൾ വീട്ടുകാരറിയാതെ തേടേണ്ടിവന്നിരുന്ന കർമ്മങ്ങൾ ചെയ്തു. ഇപ്പോഴും ഞാൻ അവരുടെ കണ്ണിൽ അവിശ്വാസിയാണ്. കടങ്ങൾ ഇനിയും ബാക്കിയുണ്ടെന്നറിഞ്ഞ് വീണ്ടും പാപനാശിനി വിളിക്കുന്നു.

കാട്ടിലെ മഴയ്ക്ക് കാഴ്ചയേക്കാൾ ശബ്ദബഹളമാണ്. വലിയ ആഘോഷത്തോടെ കരിയിലകളിൽ പതിക്കുന്ന തുള്ളികളുടെ ഓർക്കസ്ട്ര. കരഞ്ഞുകരഞ്ഞു മുക്കപിഴിയുന്ന ഒരൊറ്റ പലതവണ കാട്ടുമഴയിൽ കേട്ടിട്ടുണ്ട്. ഏങ്ങലുപോലെ വിശിയടിക്കുന്ന കാറ്റും. കാറ്റ് ശവത്തിൽക്കുത്തുപോലെ മരങ്ങളെ പിന്നെയും കരയിക്കും. ഉണ്ടി കാശിവക്ഷേത്രത്തിലേക്ക വഴിപിരിയുന്നിടത്തു സംശയിച്ചു നിന്നെങ്കിലും സ്ലീകൾ ഒപ്പമെത്തി വഴികാണിച്ചു. ഇടയ്ക്കുള്ള പാലത്തിനുമുകളിലൂടെ കടക്കുമ്പോൾ താഴെയൊഴുകുന്ന അരുവിയുടെ മഴയുണങ്ങിയതിന്റെ ചെറിയ അഹങ്കാരം! മഴക്കാലമായാൽ ഇവിടമാകെ വെള്ളത്തിന്റെ താണ്ഡവമായിരിക്കും.

ബലികർമ്മം ചെയ്യുന്ന പാറയിടുക്കിൽ വെള്ളം കുതിച്ചു തുടങ്ങിയിട്ടേയുള്ളൂ. കാർമ്മികൻ അവിടെ കാത്തുനിൽപ്പുണ്ട്. രസീതുവാങ്ങി, അതിൽനോക്കി പേരും നക്ഷത്രവും ഉറക്കെ വായിച്ചു. "പെരുമാളുടെ നക്ഷത്രമാണല്ലോ" എന്ന് ആശ്ചര്യപ്പെട്ടു. കാറ്റത്ത് വിളക്ക കെടാതിരിക്കാനുള്ള കൂട്ടിനുള്ളിൽ തിരികൊളുത്തി, നാക്കിലയും സാധനങ്ങളും കല്ലിൽ വച്ച് അപ്പുറത്ത് മുങ്ങിവരാൻ ആംഗ്യം കാണിച്ചു. എല്ലുകോച്ചുന്ന തണുപ്പിൽ നരകലോകങ്ങളിലൊന്ന് ഓർമ്മിപ്പിച്ചുകൊണ്ട് പാപനാശിനി അതിന്റെ ശിക്ഷാവിധി നടപ്പിലാക്കി. കർമ്മംചെയ്യുന്ന പാറയിടുക്കിലേക്ക് പല്ലുകൾ കൂട്ടിയിടിച്ചുകൊണ്ട് ഈറനോടെ പതുക്കെ നിരങ്ങിയിറങ്ങുമ്പോഴേക്കും കാർമ്മികൻ ശ്ലോകം ചൊല്ലിത്തുടങ്ങിയിരുന്നു. ദർഭകൊണ്ട് പവിത്രമണിയിച്ച്, നാക്കിലയിലൊരുക്കിയ ബലിയിൽ കൈപിണച്ചുവെച്ച് മരിച്ചുപോയ ആത്മാവിനെ മനസ്സിൽ ധ്യാനിക്കാൻ പറഞ്ഞു. ശ്ലോകം പകതിനിർത്തി അദ്ദേഹം ചോദിച്ചു.

"ആർക്കാ?"

"ആത്മസുഹൃത്തിന്."

"എങ്ങനെ സംഭവിച്ചു?"

"ദുർമ്മരണം... കൊലപാതകം...!"

മൈസൂരിൽ ജോലിചെയ്യുന്ന കാലത്ത് ഓഫീസേഴ്സ് ഹോസ്റ്റലിൽ എന്റെ റൂംമേറ്റായിരുന്നു അൻപഴകൻ. അതുൽ സാഹി. എപ്പോഴും എന്തെങ്കിലുമൊക്കെ പ്ലാനകളുമായി ഭാവിയെ വരച്ചിട്ടുകൊണ്ടിരിക്കുന്നവൻ. അടുത്ത ഇരുപതുകൊല്ലം വരെയുള്ള ഭാവിപദ്ധതികൾ കണിശമായി ആസൂത്രണംചെയ്ത് അതിനനുസരിച്ച് ഓരോ നീക്കവും നടത്തിയിരുന്നവൻ. തമിഴും മലയാളവും കലർത്തി എനിക്കായി ഒരു പ്രത്യേകഭാഷ അവൻ നിർമ്മിച്ചിട്ടുണ്ട്. അതിന്റെ കൊഞ്ചുന്ന അബദ്ധങ്ങൾ എന്നിൽ വാത്സല്യം നിറച്ചു. അവന്റെ തമിഴ് ശീലങ്ങളെ ഞാൻ കളിയാക്കമ്പോൾ ദണക്കൽ വിടർത്തി ചമ്മിയ ചിരിയും ചിരിച്ച് നിൽക്കുന്ന നിൽപ്പാകാനുണ്ട്. കളിക്ക ശേഷമാണ് തലയിൽ എണ്ണതേപ്പ്. നടൻ സൂര്യാ സ്റ്റൈലിൽ താഴേക്ക നീട്ടിവളർത്തിയ മീശ. ടക് ഇൻ ചെയ്യുമ്പോൾ വൃത്തിയായി ഇറുകി നിൽക്കാനായി ഷർട്ടിനു പുറത്തുകൂടിയാണ് അണ്ടർവെയർ ധരിക്കുക. മേലുദ്യോഗസ്ഥരെ കാണുമ്പോൾ നട്ടെല്ലു വളച്ചൊടിച്ചു നിൽക്കും. ചെറിയ ചെറിയ പ്രശംസകൾ പിടിച്ചുപറ്റാനായി എന്തുതരം അടിമപ്പണിയും ചെയ്യാൻ ഒരു മടിയുമില്ല. അൻപ് ഒരു വിശേഷജന്മം. അവനെ കാണുമ്പോഴൊക്കെ ഞാൻ നീട്ടിപ്പാടും:

"അൻപേ അൻപേ കൊല്ലാതേ..."

അതവന് വലിയ ഇഷ്ടമാണ്. പാടിത്തീരുംവരെയിൽ അവനതിന്റെ ബാക്കി പാടും.

"കണ്ണേ കണ്ണേ കിള്ളാതേ..."

ഡിസംബറിന്റെ കൊടുംതണുപ്പിലാണ് ഞാൻ മൈസൂരിലെ ഓഫീസേഴ്സ് ഹോസ്റ്റലിൽ ജോലിക്കുചേരാനായി വന്നിറങ്ങിയത്. അന്നവിടെത്തേ വാച്ച്മാൻ കണ്ണുതകാരൻ രാജേട്ടൻ അൻപിനെ പരിചയപ്പെടുത്തി. ഞങ്ങളുടെ അതേ സെക്ഷനിലാണ് ജോലിയെന്നും താമസിക്കേണ്ട് അയാളുടെ റൂമിലാണെന്നുമൊക്കെ. കൈകൊടുത്തുപരിചയപ്പെടുന്നതിഉടനെ അൻപ് ആംഗ്യം കൊണ്ട് മദ്യപിക്കുമോ എന്നാരാഞ്ഞു. ഞാൻ അന്തിച്ചുനിൽക്കന്നതുകണ്ട് രാജേട്ടൻ പൊട്ടിച്ചിരിച്ചു. "ഇവിടത്തെ തണുപ്പിൽ അതൊന്നുമില്ലാതെ രക്ഷയില്ല സാറേ..."

വാച്ച്മാന്റെ മുറിയിൽ ചെറിയൊരു സൽക്കാരം സെറ്റപ്പുമൊക്കെയുണ്ട്. അന്നവിടെ ചീനച്ചട്ടിയിൽ ചിക്കൻകറി വേവുന്നുണ്ടായിരുന്നു. പാർസലായി വാങ്ങിയ പൊറോട്ടയും രാജേട്ടന്റെ ചിക്കൻകറിയും പിന്നെ അൻപിന്റെ ഉത്സാഹമായിരുന്ന അന്നത്തെ രാത്രിയിലെ ബ്ലാങ്കിയും ചേർന്ന് എന്റെ വരവേൽപ്പ് ഗംഭീരമായി.

കരിങ്കല്ലുകൊണ്ടുപണിത വലിയ അങ്ങാനിഫ ഹോസ്റ്റലിനകത്ത്. നാട്ടിലെ കൊടുംപട്ടിണിനിന്നു പറിച്ചുനടപ്പെട്ട ഞാൻ, ഒരു പരിചയവുമില്ലാത്തിട്ടും അൻപിന്റെ നിർബന്ധ സ്വത്തിൽ വഴങ്ങി. മദ്യവും ഭക്ഷണവുംകൊണ്ട് ഞങ്ങളുടെ ബന്ധത്തിന്റെ അസ്ഥിവാരം അന്നേ പണിതുതീർന്നു.

തമിഴ്നാട്ടിലെ ചിദംബരത്തിനടുത്ത് 'മങ്ങലക്കോട്ടൈ' എന്ന കുഗ്രാമമാണ് അൻപിന്റെ നാട്. കൃഷിയും പശുവും തപ്പുകൊട്ടും നൈലോമമായിരുന്നവുതുമൊക്കെയായി 'ഇളയരാജാപാട്ട്' പോലൊരു ജീവിതം. നാട്ടിലെ ഏക അഭ്യസ്തവിദ്യൻ. ഐ. എ. എസ്. മോഹവുമായി നാട്ടുവിട്ടവൻ. ജാതിയും ജന്മിത്തവും കടുത്ത ആചാരങ്ങളുമൊക്കെ അതിശക്തമായി നിലനിൽക്കന്ന ഗ്രാമം. തങ്ങളുടെ ഇടവഴിയിലൂടെ ഒരു കീഴ്ജാതിക്കാരൻ നടന്നതിന് അവനെ അടിച്ചുകൊന്ന് കയിലെറിഞ്ഞ സംഭവമാണ്. വിദ്യാലനിന്ന് സ്ലീയെയും കത്തിനിലയും നടന്നയാൽ അടിച്ചുകൊല്ലുകയായിരുന്ന പതിവ് നാട്.

നാട്ടിൽനിന്ന് നാൻപതോളം കിലോമീറ്റർ അകലെയാണെന്ന മദ്രാസിലും, നാന്ദവനുടെ വർഷങ്ങൾ മുന്നിലുമായി താനെന്നെ അൻപ് നിരസാത്തോടെ പറയും.

മദ്യം കഴുകിഞ്ഞുചേർന്ന് ദൃത്തിയാക്കിയ വരിവാനിനെ 'തംഗ്ലീഷി'ൽ അവൻ മൊഴിയും;

"ഐ ഹേറ്റ് മൈ വില്ലേജ് മന്ദ്..."

രാജേട്ടന്റെ കണ്ണൂർ സ്ലാങ്ങ് മറുപടിക്കും;

"Never hate one's roots. Roots are our legs, without which we cannot stand straight..."

പറഞ്ഞൊപ്പിച്ച ഇംഗ്ലീഷിന്റെ ആവേശത്തിൽ എന്നേനിൽക്കാൻ ശ്രമിച്ച രാജേട്ടൻ മുക്കടിച്ചു വീണു.

അയാളുടെ വായിൽ മുൻനിര പല്ലുകളൊക്കെ അപ്രത്യക്ഷമായിരുന്നു. കടിച്ചുപിടിച്ചു പരിശീലിച്ചുവരുന്ന പിറന്നാളിനിന്ന് പിന്നീടറിഞ്ഞു. നിന്ദാഗമിക്കുന്നോ... ചെയ്താതുമ്പോൾ ചിരി സാംസ്കാരം അവനെയാക്ക ബാരം പന്ന തിരിച്ചോരുത്ത ക്കുന്ന ബ്രോഡ്... കടന്നിട്ടും അൻപ് വെളിവനിലൂടെ പന്ത്രണ്ടാം നിന്നുകാരായനാന്നോ കാട്ടിലെ പിന്ത ഇരിക്കാമ്പോൾ ചെന്ന് പരിപ്പ...

"മന്ദക്കട്ടോ..." എന്ന് അൻപ് സ്നേഹമായി വിളിക്കുമ്പോൾ കറുത്തിരുന്ന മുഖത്തെ ഭയങ്ങക്ക് ഒഴിയായി വിടരും.

"I hail from a hell... നരകം തെരിയുമാ? തെരിയവൈ, ഒരേതരമൊന്ന് എന്നുകിർ വന്താ ഉങ്കിക്ക് അത് പുരിയും"

തമിഴ് ദരിദ്രമായ സ്വീകരം അതിശയോക്തിയാണെന്നു കരുതി ഞാനാ പറഞ്ഞു നിർത്തു. അൻപ് എന്റെ നാട്ടിന്റെ ദ്രവ്യനാകയും വേഗത വാക്കു... നാടിന്റെ മുഖം 'നരകം' എന്ന വാക്ക് കടന്നവന്നത് ഞാൻ ആദ്യമേ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. പുതിയ ജോലിയും അന്തരിക്ഷവും തണുപ്പും പിന്നെ മദ്യവും കൈചേർന്ന് ഞാനാകെ ഉത്സാഹത്തിലായിരുന്നതിനാൽ അവന്റെ സ്നേഹം പിന്നാലെ അധികം സഞ്ചരിച്ചില്ല.

രാത്രി ഏറെ വൈകി, നാലാം നിലയിലുള്ള ഞങ്ങളുടെ മുറിയിലെത്തിയതും അഴിക്ലിലുള്ള ജനാലയിൽ കൈകെത്തിനിന്ന് ഞാൻ ഒരു സിഗരറ്റ് കൊളുത്തി. പുക തിരിഞ്ഞയുള്ളപ്പോഴേക്കും ആരോ ശ്രദ്ധിക്കാതെ അൻപ് അവന്റെ സ്യൂട്ട്കേസിന്റെ അടിയിൽനിന്നും പഴകി ബൈൻഡിട്ട ഒരു പുസ്തകം പുറത്തെടുത്തു. തമിഴക്ഷരങ്ങൾ തപ്പിവായിച്ച ഞാൻ ശരിക്കും ഞെട്ടി. "ഗരുഡപുരാണം!" അന്തിമ ക്കടകളുടെ പുരാണം! വായിക്കാനാം വീട്ടിൽവെക്കാനും ഭയക്കുന്ന പുരാണം. ഇവനിതെന്തോ സംഭവം! ഞാൻ ചെറുതായൊന്നു പരിഭ്രമിച്ചു.

വക്കുന്തനിക്കുട്ടി, പാവാടപോലുള്ള ലുങ്കിയിൽ കയറിക്കൂടി, ചെറിയ ഡപ്പിയിൽ നിന്നു ഭസ്മമെടുത്തതൊട്ട്. എന്നെയും തൊട്ടുവിച്ച് അൻപ് ഒരു ശ്ലോകം ചൊല്ലി.

"തപസാ ധർമ്മമാരാധ്യ പുഷ്കരേ ഭാസ്കര പുരാ...

ധർമ്മം സൂര്യസുതം പ്രാപ ധർമ്മരാജം നമാമ്യഹം..."

ഭേവിഭാവനത്തിലെ സ്പഷ്ടനിമ്പ്, കണവനോട് ഉയിർ കടയുന്നിപ്പോലെ ചൊല്ലിന ശ്ലോകം. ധർമ്മരാജൻ, ശമൻ, കൃതാന്തൻ, യമലോകൻ, കാലൻ, യമൻ, മിത്രൻ, ദേവൻ അവർക്ക് എട്ടുനാമകൾ. എന്നാലും എന്നെത്തുമേ ഇതു അഷ്ടകം ചൊല്ലിന്നതിക്ക് അപ്പറം താൻ ഇളനാമ്. ആനാ അവയ്ക്കാക യാതേ അഷ്ടകം ശൊല്ലലേ..." അൻപ് തന്റെ പേഴ്സിൽനിന്ന് അമ്മയുടെ ഫോട്ടോ എടുത്തു കാണിച്ചു.



അതിലേക്കുനോക്കി നെടുവീർപ്പിട്ട്, പിന്നെ പെട്ടെന്ന് കൊച്ചുകുട്ടിയെപ്പോലെ ഉള്ളിച്ചാടി അവൻ കിടക്കാനുള്ള ഒരുക്കങ്ങൾ ഇടങ്ങി. കട്ടിലിന്റെ നാലുകാലുകൾക്കും ഭസ്മം തൊട്ടുവിച്ചു. കിടക്ക പൊക്കി അതിനടിയിൽ ഒന്നു മില്ലെന്നുറപ്പുവരുത്തി, അതിനുരുകളിൽ കയറി പത്മാസനത്തിലിരുന്ന് കണ്ണടച്ച് വീണ്ടും പ്രാർത്ഥന. പിന്നെ കാലുകൾ പിണച്ച അതേ നിലയിൽ കിടക്കയിലേക്ക മറിഞ്ഞ്, കയ്യിൽ ഒരുണ്ടു രുദ്ര്യമായി എന്തൊക്കെയോ പിറുപിറുത്തുകൊണ്ട് അവൻ ഉറക്കത്തിലേക്ക വീണു. കാലുകൾക്ക് ഒരു അനക്കവുമില്ലാത്ത ആ സാഹസികനിലകണ്ട് വിറങ്ങലിച്ച് ഞാൻ അവനറിയാതെ പ്രാത്ഥിച്ചു.

സിഗരറ്റുകൾ പലതുതീർന്നപ്പോൾ തണുപ്പ പെരുകി ഞാൻ മുറിയ്ക്കത്തെത്തി. അൻപ് അതേ നിലതന്നെ. കട്ടിലിന താഴെ ഗരുഡപുരാണം നിന്ന് മഹാവിഷ്ണുവിന്റെ കവർച്ചിത്രമായി എന്നെ പേടിപ്പിച്ചുകൊണ്ട് ആ പുസ്തകം! അതിനെക്കറിച്ച് വളരെക്കറച്ചേ കേട്ടിട്ടുള്ളുവെങ്കിലും അതുതന്നെ ഇനിയുള്ള രാത്രികളുടെ ഉറക്കം കളയാൻ ധാരാളം.

ദിവസങ്ങൾ കഴിയുന്തോറും അൻപിന്റെ കട്ടിന്തങ്ങളിൽ ഞാൻ മയങ്ങിപ്പോയെങ്കിലും അകാരണമായ അവന്റെ മരണഭയം എന്നെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. ടെക്നോളജിയുടെ ലോകത്ത് പുഷ്പകവിമാനത്തിലെ ചെയ്തിട്ടാലും ഡയറ്ററിന്റെ കൈമുതൽ മുഴുവൻ പുണ്യപാപങ്ങളായാണ് അവനെണ്ണുക. ആരും സാധാരണലോകത്തിന്റെ കണക്കുകളില്ല. യമലോകത്തിന്റെ അതിസൂക്ഷ്മ വിധിന്യായങ്ങളിൽ. ഇപ്പോൾ സ്വാഭാവികമായി ചെയ്യാകാത്ത ചെറിയ തെറ്റിനെ പ്രവൃത്തികളുമോടോകം ചിത്രഗുപ്തന്റെ കണക്കിൽ എണ്ണപ്പെടുന്ന പാപങ്ങളാണെന്നും അവയ്ക്കുകൊക്കെ കൊടിയ ശിക്ഷതങ്ങളെ കാത്തിരിക്കുന്നുണ്ടെന്നും അവൻ പറയും. നിർദോഷമായ ഒരു നുണപറയുന്നതുപോലും അവനെ ഭയപ്പെടുത്തുന്നത് ഈ ധാരണകൊണ്ടാണ്. ഇവനിങ്ങനെ എത്രനാൾ മുന്നോട്ടുപോകമെന്ന് ഞങ്ങൾ സഹപ്രവർത്തകർ ആശങ്കപ്പെട്ടു. തരാശുള്ള കൗതുകത്തിനും പരിഹാസത്തിനുമപ്പുറം അവന്റെ നരകസങ്കൽപ്പങ്ങൾക്ക് ഞാൻ കാതുകൊടുക്കാറില്ലെന്നതാണ് സത്യം.

അവന്റെ പ്രോജക്ട് ടീമിലേക്ക് കർണ്ണാടകത്തിൽനിന്ന് ഉഷാറാണി എന്നൊരു സ്റ്റി വന്ന ചേർന്നതു മുതൽ അൻപ് ആന്തരികസംഘർഷത്തിലായിരുന്നു. കാഴ്ചയിൽ അവൾ വിവാഹിതയാണ്. മംഗളസൂത്രം, സീമന്തത്തിൽ സിന്ദൂരം, കാലിൽ മിഞ്ചി, കയ്യിൽ കപ്പിവള...പക്ഷേ, പെരുമാറ്റത്തിൽ അതിന്റെ യാതൊരു ലാഞ്ഛനയും അവൾ കാണിക്കാറില്ല. സ്ലീകൾ അൻപിന്റെ ശക്തമായ ഒരു ബലഹീനതയായിരുന്നു. പക്ഷേ, പാപസങ്കല്പനിമിത്തം, കന്യകയെ, വിവാഹിതയെ, വിധവയെ, ഗർഭിണിയെ ഇങ്ങനെ ഒരുപാടുസ്ലീകളെ മറ്റു കണ്ണുകൊണ്ടു നോക്കാൻ പാടില്ലെന്ന് അവന്റെ പുരാണം പഠിപ്പിച്ചിട്ടുണ്ട്. ഇതൊന്നുമല്ലാത്ത ഒരു പെൺതരിയെ കണ്ടുപിടിക്കാനുള്ള തത്രപ്പാടും ഉള്ളിൽ തിളച്ചുമറിയുന്ന കാമത്തിന്റെ ലാവയും; അൻപ് ധർമ്മസങ്കടത്തിലായി.

ഞങ്ങൾ താമസിക്കുന്ന അതേ ഹോസ്റ്റലിലാണ് ഉഷാറാണിയുടെയും റൂമി.

മിക്കപ്പോഴും വെള്ളവസ്ത്രമാണ് അവളുടെ വേഷം. ചില പ്പോൾ സാരി, ചിലപ്പോൾ ഇറുകിയ ചുരിദാർ. അൻപിന്റെ ലക്ഷണശാസ്ത്രമനുസരിച്ച് 'ഹസ്തിനി'യുടെ എല്ലാ കണക്കുകളും ഒത്തവൾ.

"മന്ദക്കട്ടോ..."

അൻപിന്റെ ശൃംഗാരം ഇടങ്ങുമ്പോഴേ ഞാൻ ഉള്ളക്കം.

"ധൈര്യമുണ്ടെങ്കിൽ ഒറ്റയ്ക്കു മുതിലകേ ചെല്ലൂ. പരിചയപ്പെടാനെന്നമട്ടിൽ. പ്രോജക്ടിന്റെ ഡീറ്റെയിൽസ് പറഞ്ഞുകൊണ്ടു ഇടങ്ങ്. പിന്നെ പതുക്കെ അവരുടെ ഭാവിയും നിലവാരങ്ങൾ ഒന്നുകൾ. അവിടേം... അവിടേം... കൊല്ലാതേ..." നാണിച്ച് കൺമറിഞ്ഞ് അവൻ മുറിക്ക പുറത്തിറങ്ങി.

"കല്യാണമെന്നും ഇല്ലല്ലോ അല്ലേ? അവരോട് പാർവൈ എന്നമോ മാതിരി ഇഷ്ക്ക്... മന്ദക്കട്ടാ... ഉദവേ... ഞാൻ വരേൻ..."

ശൃംഗാരരസമായി അവൻ മുറിവിട്ടു പുറത്തുപോയതും ഞാൻ ഡയറിക്ക പ്പെടു പുറപ്പെടുമ്പോൾ സിഗരറ്റുകൊളുത്തി. കറച്ച നേരത്തിനശേഷം വിയർത്തുകുളിച്ച് പരിഭ്രമിച്ചു തിരിയ അവനെകണ്ട് ഞാൻ അന്തംവിട്ടു. ഇവൻ ഇതുയു ധൈര്യമോ? കണ്ടുമുട്ടിയ ഉടനെ എല്ലാം കഴിഞ്ഞോ? അവൻ പക്ഷേ, മുറിയിൽ കാണിച്ച പരാക്രമം കണ്ടാൽ പുറത്ത് ഞാൻ ആക്ക പോയിരുന്ന സന്ധ്യയും കാര്യം പാടിനുണ്ടിയിരുന്നു.

"കംമ്പീറമകം... അത്താൻ എന്നക്ക് കടക്കറ ദണ്ഡനൈ... ആണ്ടവാ... കടവുളേ..." അവൻ പ്രായശ്ചിത്തം പോലെ കട്ടിൽപ്പടിയിൽ നെറ്റി ഇടിച്ചു കരഞ്ഞു.

വിറച്ചുവിറച്ചുകൊണ്ടാണ് അൻപ് ആ കഥ പറഞ്ഞത്. ഗരുഡപുരാണം പ്രേതകാണ്ഡത്തിലെ ഒരു വിവരണമായിരുന്നു അത്. ദിവ്യക്ഷേത്രങ്ങൾ തോറും സഞ്ചരിച്ച് യാത്രചെയ്യുന്ന ഒരു യുവാവ് ഒരു രാത്രിയിൽ ഒരു ഗ്രാമത്തിലെത്തി. ക്ഷീണംകൊണ്ട് തെരുവിലെ ഒരു വീട്ടിന്റെ തിണ്ണയിൽ കിടന്നു. അകത്തുണ്ടായിരുന്ന ഒരു സുന്ദരിയായ യുവതി ഇതൊരെങ്ങോ കാമനന്നുണ്ടായിരുന്നു. അവൾ ശബ്ദമില്ലാതെ വാതിൽ ഇറന്ന് പുറത്തു വന്നു. യുവാവ് ഉണർന്ന നോക്കിയപ്പോൾ കതകിൽ താലിയുമായി നിൽക്കുന്ന സ്റ്റീയെ കണ്ടു. അയാൾ ചോദിച്ചു. വിവാഹിതയായ നിയിങ്ങനെ മറ്റൊരു പുരുഷനെ സമീപിക്കാമോ എന്ന്. അവൾ പറഞ്ഞു, എന്റെ ഭർത്താവാണ് പ്രമുഖരിൽ ഇപ്പോൾ വരാമെന്നുപറഞ്ഞ് അകത്തുണ്ടെന്ന് സ്വന്തം ഭർത്താവിനെ അവൾ വകവരുത്തി. ഇനി കഴപ്പമില്ലല്ലോ എന്ന പറഞ്ഞ് അവൾ സംഗമിച്ചു. പിരിയാൻ നേരത്ത് ഇനിയെന്നാണ് നമ്മൾ കാണുക എന്ന് സങ്കടത്തോടെ ചോദിച്ച അവളോട് യുവാവ് പറഞ്ഞു, നമ്മൾ രണ്ടുപേരും കംഭീപാകം എന്ന നരകത്തിൽവച്ചു കാണും.

ഉഷാറാണിയുമായി ഈ കഥയിൽ ബന്ധിപ്പിക്കന്നതെന്തെന്ന് ഞാൻ ചോദിച്ചു.

"അവൾക്ക് വെക്കരേ കടയാള് മന്ദ... നാൻ... നാൻ..."

ഞാൻ അവനെ തണുപ്പിക്കാൻ ശ്രമിച്ചു.

"അൻപേ... നീ ഭാഗ്യവാനാണെടാ... ഉഷാറാണിയാണ് നിനക്കുള്ള മരുന്ന്. ഉന്നതനോ ഓരോ മാതൃദിനം ശാപ്പിട്... എല്ലാമേ ശരിയായിടും..." എന്റെ പരിഹാസം തമിഴായി ചിതറിവീണു.

അന്ന് ഉറങ്ങാൻ കിടക്കമ്പോൾ, മാർക്കണ്ഡേയൻ, അജാമിളൻ, പ്രഹ്ലാദൻ, ഗജേന്ദ്രൻ... മരണത്തിന്റെ പിടിയിൽ നിന്ന് രക്ഷപ്പെട്ട പുരാണകഥാപാത്രങ്ങളെയെല്ലാം അവൻ എണ്ണിയെണ്ണിപ്പറഞ്ഞു.

കാമസൂത്രം മുതൽ രതിരഹസ്യവും അനംഗരംഗവും അഭിലാഷചിന്താമണിയും വരെയുള്ള ശാസ്ത്രഗ്രന്ഥങ്ങളൊക്കെ ഞാനും അവന് പരിചയപ്പെടുത്തി. ഇതുപത്തഞ്ചോളം ബന്ധങ്ങളും പഴക്കമുള്ള ഭാരതീയശാസ്ത്രമാണതെന്നും രതി ഇവിടെ പാപമായി കരുതിയിട്ടില്ലെന്നും ഞാൻ അവനെ ബോധ്യപ്പെടുത്തി. അൻപ് ഉള്ളിൽ വീറുകൊണ്ടിരുന്നു. വാത്സ്യായനൻ ഉഷാറാണിയുടെ മുറിയിൽവിട്ട് എന്താണുണ്ടായതെന്ന് അവനോടു ചോദിക്കാതിരുന്നെ പിന്നെ എനിക്ക ഭയമായി.

"അവൾ എന്നെ കൊല്ലും... എന്നെ ഉറ്റിക്കടിക്കും... വാതാപിയുടെ നാട്ടിൽനിന്നാണ് അവളുടെ വരവ്..." എന്നൊക്കെ അൻപ് പലമ്പിക്കൊണ്ടിരുന്നു.

അത് വേറൊരു കഥ.

കർണ്ണാടകത്തിലെ ബദാമി എന്ന സ്ഥലമാണ് ഉഷാറാണിയുടെ നാട്. ശിലാക്ഷേത്രങ്ങളുടെയും ഗുഹാശില്പങ്ങളുടെയും നാട്. ചാലൂക്യന്മാരുടെ കേന്ദ്രമായിരുന്ന വാതാപിയാണ് പിന്നീട് ബാദാമിയായതത്രെ. അഗസ്ത്യമുനിയുമായി ബന്ധപ്പെട്ട് ഒരു കഥയുണ്ട്. പണ്ട് ഇല്വലൻ എന്നും വാതാപി എന്നും പേരായ രണ്ട് രാക്ഷസന്മാർ ഇവിടെ വസിച്ചിരുന്നു. മായാവികളായ ഇവർക്ക് പല ജീവികളുടെയും വേഷമെടുക്കാനുള്ള കഴിവുണ്ട്. വാതാപി ആടിന്റെ വേഷമെടുത്ത് നിൽക്കും. സമ്പന്നനായ കച്ചവടക്കാരോ വഴിപോക്കരോ കടന്നപോകമ്പോൾ ഇല്വലൻ പരമസാത്വികനായി അവരെ വിളിച്ച് ആതിഥ്യം നൽകും. ആ ആടിനെ കൊന്ന് കറിവച്ച് അവരെ സൽക്കരിക്കും. അതിഥി ഭക്ഷിച്ചുകഴിഞ്ഞാൽ ഇല്വലൻ, ഉച്ചത്തിൽ "വാതാപീ... പുറത്തുവാ" എന്നലറും. കഴിച്ചവന്റെ വയറുപിളർന്ന് രാക്ഷസൻ പുറത്തുവരികയും അതിഥി മരിച്ചുവീഴുകയും ചെയ്യും. അവരുടെ സ്വത്തുക്കളൊക്കെ അങ്ങനെ അവൻ അപഹരിച്ചു കഴിഞ്ഞുപോന്നു. അതുവഴി കടന്നുപോയ അഗസ്ത്യമുനിയെ ഇരുകെണിയിൽ കുടുങ്ങി. ഭക്ഷണം കഴിക്കമ്പോൾത്തന്നെ മുനി തിരുഭ്രഷ്ടികൊണ്ട് ഇവരിലെ ചതി മനസ്സിലാക്കുകയും ഉടനെ "വാതാപേ നീ വയറിനകത്തു നല്ലവണ്ണം ദഹിക്കട്ടെ" എന്ന് അഞ്ജാപിക്കുകയും ചെയ്തു. ഇല്വലൻ വിളിച്ചപ്പോഴേക്കും വാതാപി ദഹിച്ചിരുന്നു.

പാവം അൻപ് അഗസ്ത്യന്റെയും ഭരതനായിതന്നെങ്കിലും അദ്ദേഹത്തിന്റെ സിദ്ധിയൊന്നും അവനില്ലായിരുന്നു. അതിനാലവൻ വാതാപിക്കാരിയെ അങ്ങനെയും ഭയന്നു. ദിവസങ്ങൾ കഴിയുന്തോറും അവന്റെ ഭയം ശീലമായിത്തുടങ്ങി. സർപ്പസന്തതിയും എന്നൊക്കെ പറയുന്നത് ഇതാണെന്ന് ഞാൻ ഓർത്തു. നാണവും ശൃംഗാരവും പേടിയും നിയന്ത്രിക്കെടും എല്ലാം കൂടിച്ചേർന്ന് അൻപ് ഒരു ഭരണമായി.

പിന്നെപ്പിന്നെ ഉഷാറാണിയെ സംബന്ധിക്കുന്ന ചോദ്യങ്ങളിൽനിന്ന് അവൻ ഒഴിഞ്ഞുമാറിത്തുടങ്ങി. അല്ലെങ്കിൽത്തന്നെ മാത്രികരണരോഗിയായ അവൻ ഉഷാചികിത്സ ഫലിക്കാതെ ഫലിക്കാൻ ഫലിക്കട്ടെ എന്നുകരുതി ഞാനും അക്കാര്യം ഉപേക്ഷിച്ചു.

മറ്റൊന്നോ ഒരു ദ്രുതഗതരുകൾ അൻപ് പോന്നണ്ടെന്ന് താമസിയാതെ വെളിപ്പെടുത്തി. നാട്ടിലെ കൃഷി മുഴുവൻ വരൾച്ചയിൽ നശിച്ചുപോയെന്നും അവരുടെ പിതാവ് കട്ടുകെട്ടിലെന്നും ആ മരിച്ചതിൽപ്പിന്നെ അച്ഛന്റെ മദ്യപാനം വല്ലാതെ വർദ്ധിച്ചുവെന്നും വീടിന്റെ ഒരു ഭാഗം ഇടിഞ്ഞുവിണന്നും ഒക്കെ എണ്ണുദു പരാതി കൾ അവൻ പറയാറുണ്ടെങ്കിലും ഇത് അത്രമായാണെന്നും ബന്ധപ്പെടുത്തി വ്യക്തമായിരുന്നു. ഫോൺവിളി കൾക്ക ശേഷം അവനാകെ അസ്വസ്ഥനായിരുന്നു. മുറിയിൽ നടന്നുകുഴിച്ചുവിരൽ എന്നോട് പലപ്പോഴും പുറത്തുപോകാൻ ആവശ്യപ്പെട്ടു. എന്റെ മേശയിൽനിന്ന് സിഗരറ്റെടുത്ത്. "അറിയാത്ത പണിക്കനിന്ന്" പുകച്ചു കരയും. രാജേട്ടനോടു പറഞ്ഞ് കൂടെക്കൂടെ മദ്യം വരുത്തിച്ച് ഒറ്റയ്ക്ക് കഴിച്ചുങ്ങിയതോടെ എനിക്ക കലശലായ ദേഷ്യം വന്നു. ഗരുഡപുരാണവും അവന്റെ കർമ്മമാണെന്ന് എനിക്കറിയാം. അതിനെ നിരീച്ചാൽ അവൻ ശരിക്കും നോവുമെന്നും. അവനറിയാതെ ഞാനതെടുത്ത്, ഉഷാറാണി ഫോണമായി വാതിൽതുറന്ന് പുറത്തിറങ്ങിയ നേരത്ത് അവളുടെ മുറിയിൽ തലയണയ്ക്കടിയിൽ വച്ചു.

ഒറ്റപ്രാവുതന്നെ രണ്ടുതരം കിട്ടുന്ന വിദ്യ അങ്ങനെ ഞാൻ നടപ്പിലാക്കി.

ഇപ്പോൾ അധികം മിണ്ടാട്ടില്ലാത്തതുകൊണ്ട് പുസ്തകം എവിടെയെന്ന് നേരിട്ടുചോദിക്കാൻ അവനു മടികാണം. എങ്കിലും മുറിമുഴുവൻ അവൻ അതിനായി അരിച്ചുപെറുക്കി. ചോദ്യം നാത്തുമ്പത്തെത്തിച്ച് വേണ്ടെന്ന വയ്ക്കുന്നത് ഞാനാസ്വദിച്ചു.

മൂന്നാം ദിവസം എന്നെ അമ്പേ തകർത്തുകൊണ്ട് അവൻ ഗരുഡപുരാണവുമായി മുറിയിൽ കയറിവന്ന് അതിന്റെ സ്വാദനത്തു പ്രതിഷ്ഠിച്ച് മിണ്ടാതെ പുറത്തുപോയി. ഒരു വാക്കുപോലും എന്നോടു ചോദിച്ചില്ലെന്നു മാത്രമല്ല, ഇക്കാര്യത്തിൽ എനിക്കൊരു കയ്യുണ്ടെന്ന വസ്തുത വിധമായിരുന്നു അവന്റെ നിലപാട്. ഞാൻ ശരിക്കും ഇന്നം പടി. അന്നു രാത്രി അവൻ നന്നായി മദ്യപിച്ച് മുറിയിൽ ഏറെ വൈകിവന്ന് നേരെ കിടക്കയിലേക്ക കയറി കിടന്നു. കട്ടിൽക്കാലിൽ ഭസ്മക്കറിയില്ല, പത്മാസനത്തിൽ യമാഷ്ടകമന്ത്രമില്ല. വിരൽത്തുമ്പിൽ ഭസ്മം പിടിച്ചുള്ള ആഭിചാരമില്ല. തലയണയെ ഇറുക്കി പുണർന്ന് കിടിച്ചുവിടും ഒരൊറ്റ കിടപ്പ്.

പിറ്റേന്ന് മുറിയിൽ വെളിച്ചവും ശബ്ദവും കൈ കൊണ്ടാണ് ഞാനെണീറ്റത്. സ്യൂട്ട്കേസും ഹാന്റ്ബാഗുമായി അവൻ യാത്രയ്ക്കൊരുങ്ങി നിൽക്കുന്നു.

"നാൻ കലമ്പറേൻ..."

ഭൂമിയിലേക്കിറങ്ങാൻ ഞാനെടുത്ത നിമിഷങ്ങൾക്കിടയിൽ അവൻ വാതിൽ ചാരി പുറത്തിറങ്ങിക്കഴിഞ്ഞു.

പിറ്റേന്നകാലത്ത് ഏഴുമണിയോടെ അൻപ് ഇറങ്ങിപ്പോയ തോർക്കാതെ, ഞാൻ കൊളകലവിരുന്ന് ഭൂരിയ അവന്റെ കട്ടിലിലേക്ക് കനോടെ നോക്കിയിരുന്നു. അവനെ ഉണർത്താനെന്നോണം വലിപൊക്കിമാറ്റിയുടെ കിടക്കയുടെ ഒത്തനടുക്ക്, നിശ്ശബ്ദസേവകരെ പോലെ, ആത്മഹത്യാക്കറിപ്പെപോലെ, തന്റെ അപരലോകത്തേക്കുള്ള താക്കോൽ പോലെ ഗരുഡപുരാണം അവൻ വച്ചിപോയിരുന്നു. പഴകി, വക്കുകൾ പിഞ്ഞിതുടങ്ങിയ ആ തമിഴ്ഗ്രന്ഥം ഞാൻ പേടിയോടെ എടുത്തു മറിച്ചു. തപ്പിത്തപ്പി തമിഴക്ഷരങ്ങൾ ഞാൻ വായിച്ചെടുത്തു. "ശ്രീ ഗരുഡപുരാണവാസനം". മദ്രാസിലെ 'രാമരെലൈയഡികൾ' ലൈബ്രറിയിൽനിന്ന് ഇഷ്യൂ ചെയ്യപ്പെട്ട പുസ്തകമായിരുന്നു അത്. 1848ൽ പ്രസിദ്ധീകരിച്ച അറുപത്തൻ കോപ്പി. പതുക്കെ അകത്തെ താളുകൾ മറിക്കുന്തോറും അതൊരുതത്തിന്നതോടെ ചെയ്യുന്നതിന്റെ തരിപ്പ് എന്നിലാസകലം പടരുന്നുണ്ടായിരുന്നു. പഴകിയ തമിഴ് ലിപികളുടെ വക്രവരിക്ക് വടിവും കൂടെ ത്രപങ്ങൾക്കിടയ്ക്ക് ചാർച്ചിച്ചുവടിവിൽ ഇടയ്ക്കിടെ ഓരോ പേജിൽ ചിത്രങ്ങൾ വരച്ചുവച്ചിരിക്കുന്നു. രണ്ടു നൂറ്റാണ്ടുമുമ്പുള്ള ഏതോ ചിത്രകാരൻ ഉറക്കമിളച്ച് പേടിച്ചുവിറച്ച് വരച്ചതാകാംആ ചിത്രങ്ങൾ! ശൗനകാദികൾക്ക് സൂതമുനിയും ഗരുഡന് മഹാവിഷ്ണുവും പുരാണതത്വം വിവരിക്കുന്നത്. യമരാജൻ ചിത്രഗുപ്തൻ എന്നിവർക്ക് ആജ്ഞാനിൽക്കുന്ന്. ചിത്രഗുപ്തൻ മനഷ്യരെ... കാലപാശത്താൽ ബന്ധിക്കുന്നത്. പിശാചുക്കളും യമകിങ്കരന്മാരും ചേർന്ന് ആത്മാവിന് പീഡകൾ നൽകുന്നത്. മുൾമരങ്ങളിലൂടെ നടത്തി ഭയക്കുന്നിരിക്കുന്നത്. ഇങ്ങനെ പലവിധ ശിക്ഷാരീതികളൊക്കെയും അതിന്റെ ഭീകരതയോടുകൂടി അവൻ വരച്ചുവച്ചിരിക്കുന്നു. ചെയ്യപ്പെട്ടിട്ടുള്ള പാപങ്ങളുടെ പശ്ചാത്താപത്തിയിൽ അസ്വിഷ്ഠജ്ജേലങ്ങളുമായവ.

ഗരുഡപുരാണത്തിന്റെ രഹസ്യമറിയാനായി ഞാൻ പിറ്റേന്ന് ഇൻസ്റ്റിറ്റ്യൂട്ടിലെ ലൈബ്രറിയിൽ പരതി. ഇംഗ്ലീഷിലും മലയാളത്തിലുമായി ലഭിച്ച വ്യാഖ്യാനങ്ങളിലൂടെ ഞാൻ അൻപിന്റെ മനസ്സിലേക്കുകയാന് വിഫലശ്രമം നടത്തി. പാപകർമ്മങ്ങൾ ചെയ്യുന്നവർക്ക് യമമാർഗ്ഗത്തിൽ സംഭവിക്കുന്ന നരകയാതനകളാണ് ഗരുഡന്റെ ആവശ്യപ്രകാരം മഹാവിഷ്ണു അതിൽ വർണ്ണിക്കുന്നത്.



മരണത്തിന്റെ നിമിഷത്തിൽ ഉറവരുടെ ആർത്തനാദംകേട്ടു കാലദൂതന്മാരെകൊണ്ട് മുർച്ചിച്ചുപോയ പഞ്ചേന്ദ്രിയങ്ങൾ ഒന്നൊന്നായി വിട്ടുപിരിഞ്ഞു ചെതന്യവും പ്രാണനും ഇളക്കി, മനഷ്യനാമാവ് ആ ഉദ്ധാർത്തത്തെ കല്പാന്തകാലംപോലെ ദീർഘമായി അനഭവിക്കുന്നുണ്ടാണ്. ദൂരേതെളുകൾ ഒന്നിച്ച് കടിച്ചാലുള്ള വേദന അവൾ അനുഭവിക്കുന്നു. ജലിക്കന്ന കണ്ണുകളും ഭയങ്കരമായ കറുത്തതുമായ ദേഹവും ക്രൂരവക്തരങ്ങളുള്ള യമഭടന്മാർ വന്ന് ജീവനെ കയറുകൊണ്ട് ബന്ധിച്ച് യാതനാദേഹത്തിലാക്കന്നു. മരിച്ചുകഴിഞ്ഞാൽ വേദനയറിയേണ്ടതല്ലോ എന്ന് സമാധാനിക്കാൻ വരട്ടെ. യാതനാദേഹത്തിന് വേദനയുടെയും പീഡനങ്ങളുടെയും മൂലാൻ അതുവ സഹിക്കേണ്ടിവരും. ജീവിച്ചിരിക്കുമ്പോൾ നമ്മുടെ വേദന മരിക്കുമ്പോഴും മാത്രമുള്ളതായതു, മരിച്ചുകഴിഞ്ഞ ദേഹത്തിന് യാതന ഒരിക്കലും അവസാനിക്കുന്നില്ല. കാരണം, യാതനകളുടെ പരമാവധിയായ മരണം ആദ്യമേ നടന്നുകഴിഞ്ഞല്ലോ.

നൂറ്റാണ്ടുകളുടെ പഴക്കിയമണം ഉറഞ്ഞുകൂടിയ ലൈബ്രറിയുടെ ഇരുണ്ട ഇടനാഴിയിൽനിന്ന് എനിക്ക് ഉച്ചത്തിൽ നിലവിളിക്കണമെന്നു തോന്നി.

പുരാണത്തിലെ ഭീകരത ആരംഭിക്കാനിരിക്കുന്നേയുള്ളൂ. യമലോകത്തേക്ക പാഠവാഠാവിന്ന് ഒരു യാത്രയുടെ ദൂരം. വഴിയിൽ കടിച്ചുകീറുന്ന നായ്ക്കൾ. പട്ടിണിയിലുള്ളവർ ഘോരമായ ദാഹവും ഭയവും ചുറ്റും പുറപ്പെട്ടു മുറവിളി കൂട്ടി കരഞ്ഞു വിരണ്ടു. അടങ്ങാത്ത വിശപ്പും ദാഹവും. മുള്ളിലകൾ മാത്രമുള്ള മരങ്ങൾ. ചിത്രഗുപ്തന്റെ അതവരവരൻ ശ്രവണൻ, ഈ ജന്മത്തിൽ ചെയ്തുകൂട്ടിയ പാപങ്ങൾ എണ്ണിയെണ്ണിപ്പറയും. അതിനുള്ള ഘോരശിക്ഷകൾ വഴിയിലുടനീളം പറഞ്ഞുകേൾപ്പിക്കും. യമപാതയിൽ അതിഭീകരമായ പതിനാറു പട്ടണങ്ങൾ. അവിടങ്ങളിൽ വിചിത്രമായ യാതനാഗാരങ്ങൾ.

ഉറവരാരെങ്കിലും നൽകുന്ന പിണ്ഡംകൊണ്ട് യാതനാദേഹം ഉണ്ടാക്കുന്നു. അവർ ആ പിണ്ഡത്താലാണ് ദേഹം ലഭിക്കുന്നത്. ഓരോദിവസവും നൽകുന്ന പിണ്ഡംകൊണ്ട് ശിരസ്സ്, കഴുത്ത്, ഹൃദയം, പൃഷ്ഠം, നാഭി, ഇന്ദ്രിയം, ഊരു, ജട്ട്, പാദങ്ങൾ എന്നിങ്ങനെ. പത്താം ദിവസത്തെ പിണ്ഡത്തിൽ ലഭിച്ച വിശപ്പും ദാഹവും പതിനൊന്നും പന്ത്രണ്ടും ദിവസത്തെ പിണ്ഡംകൊണ്ട് അല്ലെ ശമിക്കുന്നത്.

എങ്കിലും യാതനകൾ തീരുന്നില്ല. യമസഭയ്ക്കലതിലെക്ക് പിണ്ഡംലൂടെനിന്ന കൊണ്ടുപോകമ്പോൾ കടന്നപോകേണ്ട മഹാഭയാനകമായ വൈതരണി എന്ന നദിയുണ്ട്. ചോരയും മലമൂത്രങ്ങളും ഊളും ഒഴുകുന്ന നദി. ഇറച്ചി കൊത്തിപ്പറിക്കുന്ന വലിയ കഴുകന്മാരും മുതലകളും ഭീകരജീവികളും അതിലുണ്ട്. എങ്ങനെയെങ്കിലും അതുതാണ്ടിയാൽ യമാലയത്തിലെത്തി. അവിടെ ചിത്രഗുപ്തന്റെ കണക്കുപുസ്തകത്തിൽ പരതനോക്കി യമധർമ്മശിക്ഷ ശ്ലേപ്പെടുത്തുന്തിവച്ചിരിക്കുന്നു. നാലുലക്ഷത്തോളം നരകങ്ങളിൽ 28 എണ്ണമാണ് മഹാനരകങ്ങൾ. താമിസ്രം, രൗരവം, കംഭീപാകം, അന്ധകൂപം, വജ്രകണ്ടകം, പൂയോദം, ക്ഷാരകർദ്ദമം, ശൂലപ്രോതം, സൂചീമുഖം... ഞാൻ അവയോരോന്നിന്റെയും വിവരണങ്ങൾ വായിച്ച് കണ്ണടഞ്ഞിരുന്നു. ശ്വാസംകിട്ടാതെ ലൈബ്രറിയിൽനിന്ന് ഞാൻ പുറത്തിറങ്ങിയപ്പോഴാണ് ഞാൻ സെക്യൂരിറ്റിയുടെ വിളിക്ക് ആദ്യം തിരിഞ്ഞത്.

രണ്ടുദിവസത്തിനു ശേഷം ഒരു നട്ടുച്ചയ്ക്ക് സെക്യൂരിറ്റി മോഡിലായിരുന്ന എന്റെ ഫോൺ നിർത്താതെ തരിച്ചുകൊണ്ടിരുന്നു. ഓഫീസിൽ പുറത്തിറങ്ങി ഫോണെടുത്തപ്പോൾ സ്ക്രീനിൽ അൻപിന്റെ നമ്പറാണ്. എന്തെങ്കിലും പറയാനിരുന്നു ഇടനേ, അപ്പുറത്തുനിന്ന് അതിവൃത്തിയില്ലാതെ ഒരു നിലവിളിയാണ് കേട്ടത്. ഇടർന്ന ഉച്ചത്തിൽ തമിഴിൽ ആരെയൊക്കെയോ ശപിക്കുകയും... ഇതുവരെ കേട്ടിട്ടില്ലാത്ത വാക്കുകൾ. പിന്നെ ആ ഫോൺ കട്ടിൽ നിന്ന് എറിഞ്ഞുടയ്ക്കുന്ന ശബ്ദം... കുറച്ചുകഴിഞ്ഞ് ഞാൻ അങ്ങോട്ടു വിളിച്ചു. മരണത്തിന്റെ ഫോണ്ടിനെ നോക്കി ഞാൻ അടുത്ത സെക്ഷനിലെ സെൽവനെ കാണാൻ ചെന്നു. "അതേയ്... നമ്മുടെ അൻപിന് എന്തോ അപകടം പറ്റിയിട്ടുണ്ട്. ഇപ്പോൾ അവന്റെ ഫോണിൽനിന്നൊരു കോൾ വന്നു."

"ഹേയ്... മന്ദ, എന്ന ശൊൽറീങ്ക... ഇന്ന് കാലൈയിലെ കൂടെ ഞാൻ പേശിട്ടിരുന്തേനേ... ഒന്നുമേ ആകാതു... അവനോട് തമ്പി, ലാസ്റ്റ് വീക്കിലെ എന്നമോ പോയി സാപ്പിട്ട് തർക്കൊക്കെ പണ്ണിട്ടാൻ. അതിനാലെ താനേ അവൻ ലീവുപോട്ട് ഊരക്ക് കലമ്പിനാൻ. നീങ്ക പോങ്കസാർ, നാൻ എപ്പടിയാവത് വിസാരിച്ച് ഏതാവത് കടച്ചിനാ ശൊൽറേൻ..."

നിസ്സംഗമായ തഞ്ചാവൂർ തമിഴിന്റെ താളത്തിൽ അയാളും പറഞ്ഞു. ഞാനെന്റെ ഫോണിലേക്ക് പേടിയോടെ നോക്കിക്കൊണ്ടു നിന്നു. സെൽവൻ എന്റെ പുറത്ത് തലോടി പറഞ്ഞയച്ചു. വൈകന്നേരമാകമ്പോഴേക്കും അവൻ ആരോടൊക്കെയോ അന്വേഷിച്ച് എന്തോ ചില പന്തികേട് മണത്തു. അൻപിനെ അന്വേഷിച്ച് ഒരു ജീപ്പിൽ നാലഞ്ചുപേർ വന്നെന്നും അവരോട് സംസാരിച്ച് തർക്കിച്ച് അവരോടൊപ്പം പുറത്തിറങ്ങിയതായെന്നും ഏതോ നെയോ സെൽവൻ അറിഞ്ഞു. പിന്നീട് ഒരു വിവരവും വീട്ടുകാർക്കെ ലഭിച്ചില്ല.

രാത്രി ഏറെ വൈകി സെൽവകമാറിന്റെ ഫോൺ വരുമ്പോൾ അൻപിനോടൊപ്പം കഴിഞ്ഞ മുറിയിൽ ഞാൻ തനിച്ച് തരിച്ചിരിക്കുകയായിരുന്നു. മുറിയുടെ അൻപ്. ഗരുഡ കെട്ടതിക്കൊണ്ട് അൻപ്. നിർദ്ദയം അൻപ്!

"സാർ... അൻപക്ക് മികവും മോസമാന നിലൈമൈതെരിയിത്. നാമ മങ്ങലക്കോട്ടൈ പോലാമാ സാർ?"

"ആക്സിഡന്റ് എന്നാ ആച്ച് തെരിയുമാ? എതാവത് തകവൽ?"

"റൊമ്പ കൊടൂരമാ എന്നന്നമോ നടന്തിട്ടേക്ക്... നാമ പോയിത്താൻ ആകണം..."

"ഷ്വർ സെൽവൻ... ഏർളി മോർണിംഗ് എതാവത് ബസ്സിക്കാ പാർങ്ക..."

സെൽവനും തമിഴന്റെ സ്വരസിദ്ധമായ വിറയൽ പടർന്നതുടങ്ങി. ദൈവങ്ങളെ ഇങ്ങനെ അനായാസമായി ഏറെ അടുപ്പത്തോടെ വിളിച്ചുണർത്താൻ തമിഴർക്കെഴിഞ്ഞേയുള്ളൂ. ഫോൺ മുറിച്ചപ്പോൾ മുറിയിലെ നിശ്ശബ്ദത പെരുകിവന്ന ചെവിയുകലെന്ന് ചൂളവിളിയായി.

അൻപിന്റെ കിടക്കയിൽ അന്തിമവിധിപോലെ ഗരുഡപുരാണം തിണർത്തുകിടന്നു.

രണ്ടുദിവസമായി ഉഷാറാണിയെയും കണ്ടില്ലല്ലോ എന്ന് പെട്ടെന്നോർത്തു.

വെള്ളക്കോളം ആ രാത്രിയങ്ങനെ വെളുത്തകിടന്നു.

രാജേട്ടൻ പറഞ്ഞേർപ്പിച്ച ഓട്ടോവിൽ ബസ്സ്റ്റാന്റിലെത്തിയപ്പോൾ തീവണ്ടിപോലെ നീണ്ടുകിടന്ന തമിഴൻ ബസ്സിൽ ആളനക്കമില്ലായിരുന്നു. "അരക്ക പേതന്തു കഴക" എന്നെഴുതിയ ഇളം പച്ചയും കടുംപച്ചയും നിറമുള്ള ടെയ്യരൻ ബസ്സിൽ മരിച്ചവിട്ട് മനം ഓർത്തിപ്പിക്കുന്ന ചന്ദനത്തിൽ കത്തിച്ചുവച്ച് ഡ്രൈവർ പുറത്തിറങ്ങി ബീഡിവലിക്കന്നു. സെൽവൻ വല്ലവരുകത്തേ സീറ്റുചുണ്ടി അവിടെ ഇരിക്കാമെന്ന് ആംഗ്യം കാണിച്ചു. അൻപിന്റെ വീട്, പോകന്ന വഴിമനെന്നേ കാണാമെന്നതായിരുന്ന അവന്റെ കാരണം. ഈ പാതിയേറ്റോ നാളെ അതിരാവിലെയോ ആണ് അവിടെയെത്തുക എന്ന കാര്യ ബസ്സുപോലെയതനെന്ന നീണ്ട ഒരു കാലത്തെ ഓർമ്മിപ്പിച്ചു.

സെൽവന് അൻപിനെ അത്ര പിടിത്തമില്ല. വല്ലാത്ത അവസരവാദിയാണെന്നാണ്. നാട്ടും നാട്ടകാരന്മായാവുന്നും ഒരു ബന്ധവുമില്ലാത്ത പരിഷ്ണരി ബുദ്ധിജീവി! വേറെ എന്തൊക്കെയോ ഇടപാടുകളുണ്ടെന്നോ സ്ഥിരമോലിലരിക്കാനായി ഒരു സ്ഥാപനത്തിൽ പണംകൊടുത്ത് കാത്തിരിക്കുകയാണെന്നോ അവൻ വെറുപ്പോടെ സൂചിപ്പിച്ചു. സെൽവനും ആഗ്രഹം അതേ സ്ഥാപനത്തിലെ ഒരു ജോലിയാണെന്നതിന്റെ അസൂയയാണെന്നും എന്നറിയില്ല. അവൻ പോലും അടിയിന്തിരമായി അൻപിന്റെ നാട്ടിലേക്ക പോകേണ്ടനെ പറയുമ്പോൾ കാര്യങ്ങൾ അത്ര കട്ടപ്പായിരിക്കണം, ഞാൻ ഊഹിച്ചു.

പ്രാതലിനും ഉച്ചയൂണിനും ചായക്കൊക്കായ ബസ്സ് നിർത്തിയാൽ പിന്നെ അനന്തമായ കാത്തിരിപ്പാണ്. ഞങ്ങൾ രണ്ടുപേരൊഴികെ ആരും മുന്നിമായാരുക്കാരില്ല എന്നതിനാൽ ബസ്സുകാർക്ക് ഒരു ധൃതിയുമില്ല. മുറിവെള്ളരിയും പച്ചമാങ്ങാപ്പൂളും പൈനാപ്പിൾക്കഷണങ്ങളും ഉപ്പും മുളകും പുരട്ടി നിൽക്കാൻ വരുന്ന പെണ്ണുങ്ങളുടെയും കട്ടികളുടെയും ദൈന്യം കാൺകെ, എല്ലാ വഴിഞ്ഞും അവ വാങ്ങിത്തിന്നുകൊണ്ടിരുന്നു. ബസ്സ് സ്റ്റാർട്ടുചെയ്യത്തിയാൽ അതിന്റെ ആഘാതത്തിൽ 'ഡപ്പാംകുത്ത്' പാട്ടുകൾ വച്ച് അവർ യാത്രക്കാരെ ആകർഷിക്കാൻ കിടക്കും. തീരെ താല്പര്യമില്ലാതെ ഞാൻ സെൽവനോട് അപ്രധാനമായ കാര്യങ്ങൾ കോറിച്ചുകൊണ്ടിരുന്നു. ഗരുഡപുരാണവിഷയം എടുത്തിടുപ്പോൾ ആയിടെക്കിറങ്ങിയ ശങ്കറിന്റെ 'അന്യൻ' സിനിമയിലെ വിക്രമിന്റെ അഭിനയമികവിനെക്കറിച്ച് വാതോരാതെ സംസാരിച്ചു. അതിലെ നരകസങ്കല്പങ്ങളൊക്കെ വിശ്വാസമുണ്ടോ എന്ന ചോദിച്ചപ്പോൾ 'നമ്മുടെ വിശ്വാസത്തിന്' എത്തപ്രസക്തി' എന്ന് തെളിഞ്ഞു ഉത്തരമാണ് സെൽവൻ തന്നത്. അവന് താല്പര്യം ആ സിനിമയിലെ മൾട്ടിപ്പിൾ പേഴ്സണാലിറ്റിസകളെക്കറിച്ചാണ്. "ദ് ത്രീ ഫേയ്സസ് ഓഫ് ഈവ്" എന്നൊരു പഴയ സിനിമയെക്കറിച്ചൊക്കെ അവൻ സംസാരിച്ചു. ജുഡി കാസ്റ്റലി എന്നൊരു സ്ലീക്ക് 44 വ്യക്തിത്വങ്ങളായിരുന്നത്രെ. പതിമൂന്നാം വയസ്സുമുതൽ പലതവണ ആത്മഹത്യക്ക ശ്രമിച്ചിട്ടും ആരൊക്കെയോ തന്റെ ശരീരത്തെ അതിക്രമമായി പിടിച്ചുപിടിയിക്ക ചികിത്സിച്ച് ഡെയ്‌ലിക്കൽ സംഭവം കണ്ടുവന്നത്. പിന്നിടാണ് അവരിലെ ഉതിർന്ന ജുഡി സംശീതവും ചിത്രവും ശില്പവും സാഹിത്യവുമൊക്കെ രചിച്ച് വലിയ കലാകാരിയായത്. നാലുഞ്ചിനാല് ബദ്ധമുള്ളചിതികൾ ഒരൊറ്റ ശരീരത്തിൽ-സെൽവന്റെ വിവരണം ഇടയ്ക്കോൾ ബസ്സ് അറ്റമില്ലാത്ത നേർപാതയിലൂടെ ഒരേവേഗത്തിൽ ഇരുട്ടത്ത് ഓടിക്കൊണ്ടിരുന്നു.

ഇപ്പോൾ പാട്ടും ബഹളവുമൊന്നുമില്ല.

എല്ലാവരും ഉറക്കത്തിൽ.

ഒരു ഇറക്കംകഴിഞ്ഞ് ബസ്സൊരു വളവെടുത്തപ്പോൾ സെൽവൻ എന്നെ തട്ടിവിളിച്ച് വലതുഭാഗത്തേക്കു നോക്കിയിരിക്കാൻ പറഞ്ഞു. സമയം രാത്രി രണ്ടുമണികഴിഞ്ഞിരുന്നു. പുറത്ത് കട്ടപിടിച്ച ഇരുട്ടല്ലാതെ മറ്റൊന്നമില്ല.

"പാർങ്കോ... പാർങ്കോ..."

റോട്ടിൽനിന്ന് അല്പം ഉയരത്തിലായി ഒറ്റ്യൊരു ചെറിയ വീടിനരികിൽ മഞ്ഞബൾബെരിയുന്നുണ്ട്.

"അൻപോട വീട്..."

എന്റെ കണ്ണുവയ്പോഴേക്കും ആ ദൃശ്യം അകന്നമറഞ്ഞിരുന്നു.

രാത്രിയിലും വിളക്കെരിയുന്നതെങ്ങിൽ അതൊരു മരണവീടായിരിക്കനം. അവരുടെ ആത്മഹത്യയോ അതോ എന്നവൻ അർദ്ധോക്തിയിൽ നിർത്തി.

തണുപ്പും മനസ്സിന്റെ മരവിപ്പും എന്നെ തളർത്തിയിരുന്നു.

ചായകടിക്കാനായി ഞങ്ങൾ ഒരു കടപരുതമ്പോൾ എല്ലായിടത്തും പതിച്ചുവച്ച 'ദിനമലർ' വാർത്താപോസ്റ്ററിൽ ഒട്ടക്കപ്പിൽ ആ വാർത്ത ഞങ്ങളെ കാത്തിരുന്നു.

"പോരാസിരിയറിൻ കൊലൈ: കാരണം മർമ്മമാനത്"

സെൽവൻ ആദ്യമേ പറഞ്ഞത് സൂക്ഷിക്കണമെന്നാണ്. സംഭവം നടന്നതിൻശേഷം കൊലപാതകികൾ കൂട്ടരൽ ജാഗരൂകരായിരിക്കും. പോലീസിനെയൊന്നും ഇവിടെ ആർക്കും പേടിയില്ല. തങ്ങളെത്തേടി മറ്റാരെങ്കിലും വരുന്നുണ്ടോ എന്നാണ് അവരന്വേഷിക്കുക. നമ്മളിപ്പോൾ അവരുടെ നിരീക്ഷണത്തിലായിരിക്കും, ഉറപ്പ്.

അപ്പോൾ കഴിഞ്ഞദിവസം എനിക്ക കിട്ടിയ പോക്കറ്റ് ഫോൺ വിളി മരണത്തിന്റെ പിടിയിലകപ്പെട്ട അൻപിന്റെ, ലോകത്തോടുള്ള അവസാനത്തെ സന്ദേശമായിരിക്കണം. വിനിമയലോകത്തേക്ക് ഫോൺ സ്വയം നൽകിയ അപായസൂചന. പക്ഷേ, അത് തികച്ചും നിഷ്ഫലമായിപ്പോയെന്ന മാത്രം.

ചായയും സിഗരറ്റും പറഞ്ഞ് ഞാനൊരു പാതിരാക്കടയിൽ നിൽക്കമ്പോഴേക്കും സെൽവൻ എന്റെ കൈയിൽപ്പിടിച്ച് വലിച്ച് ഇരുട്ടിലൂടെ ഒരു നാടൻ ബസ്സിലേത്തിച്ചു. പ്രാചീനമായ ഏതോ കാലത്തിലേക്ക പെട്ടെന്ന ചെന്നെത്തിയതുപോലെ. ബസ്സനിരങ്ങിത്തുടങ്ങിയതോടെ അവന്റ ശ്വാസം വീണതുപോലെ തോന്നി. നമ്മളെ ആരും ശ്രദ്ധിച്ചുകാണും. ഇവിടങ്ങളിൽ ആത്മഹത്യയും കൊലയുമൊന്നും അത്ര വ്യക്തമായ കാരണങ്ങളേ വേണ്ട.

പുലരിക്കാറ്റിന്റെ തെളിമയും ശാന്തിയുമൊന്നും ആസ്വദിക്കാവുന്ന മാനസികാവസ്ഥയിലായിരുന്നില്ല ഞങ്ങൾ. നാലുപാടും കടലുപോലെ പരന്നകിടക്കുന്ന പാടങ്ങൾക്ക നടുവിൽ ആൾപ്പൊക്കത്തിൽ ഒരു മൺതിട്ടയിലായി അൻപിന്റെ വീട് ഞങ്ങളെ നോക്കിനിന്നു. മുറ്റത്ത് നട്ടവലായി പീഠത്തിൽ പട്ടുകൊണ്ടുമൂടിയ ഒരു മൺകടം. ചുറ്റും ഉറക്കച്ചടവുമായി 'ഒപ്പാരി' പാടിക്കരയാനെത്തിയ കറച്ച് സ്ലീകൾ. ഞങ്ങളെ കണ്ടതും സ്വിച്ചിട്ടതുപോലെ അവർ ദീനദീനമായി പാട്ടുപാടി നെഞ്ചത്തടിച്ച കരയാൻതുടങ്ങി. അൻപിന്റെ അച്ഛൻ മൂക്കറ്റം കുടിച്ച് മറ്റുത്തെ പൂച്ചൽത്തിണ്ണത്തിൽ തലചായ്ച്ച് മയങ്ങിക്കിടക്കന്നു. ആരോ ഞങ്ങളെ മുറ്റത്തു ബഞ്ചിലേക്ക വിളിച്ചിരുത്തി. സെൽവൻ ഗൗസമായ തമിഴിൽ ആരോടൊക്കെയോ സംസാരിച്ചുകൊണ്ടിരുന്നു. അവൻ ഓരോ വാർത്തയിലും ഞെട്ടി പലപല ദയനീയ ശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരുന്നു.

മിനിയാന്ന് കാലത്ത് കറച്ചുപേർ വന്ന് അൻപിനെ വിളിച്ച് ജീപ്പിൽ കയറ്റുന്നതു മാത്രമേ വീട്ടുകാർ കണ്ടിട്ടുള്ളൂ. ആരോടും ഒന്നും പറയാതെ അവരോടൊപ്പമിറങ്ങി. പിന്നെ പിറ്റേന്ന കാലത്ത് സ്ലീകളാരോ വെള്ളമെടുക്കാനായി മുന്നിലെ കനാലിലേക്കിറങ്ങിയപ്പോഴാണ് കാൽപ്പാദം വെള്ളത്തിലിറങ്ങി മണ്ണിൽപുതഞ്ഞ് അൻപിന്റെ ശരീരം കാണുന്നത്. കണ്ണുകൾ രണ്ടും ചൂഴ്ന്നെടുത്തിരുന്നു. ജനനേന്ദ്രിയം ക്രൂരമായി മുറിച്ചുമാറ്റിയിരുന്നു. ശരീരം മുഴുവൻ തലങ്ങും വിലങ്ങും കനിക്കൊണ്ട വരിഞ്ഞുകെട്ടിയതിന്റെ ചോരപടർന്ന വട്ടക്കളങ്ങളായിരുന്നു. കാൽമുട്ടുകൾ ചതഞ്ഞുഞ്ഞുന്നുണ്ടായിരുന്നു. പിന്നെയും പിന്നെയും ആ വിവരണം സെൽവൻ വിവർത്തനം ചെയ്യുകൊണ്ടിരുന്നു.

ഞാനവന്റെ വായപൊത്തി.

ഒരു പകൽമുഴുവൻ അൻപ് മരണവേദന തിന്ന് ഇഞ്ചിഞ്ചായി മരിച്ചുപോയിരിക്കണം. ഒറ്റയടിക്കല്ല, പ്രാണൻ പറിഞ്ഞുപോകാതെ ശരീരംകൊണ്ട് നരകയാതനയുഴവൻ തിന്നുതീർത്തിരിക്കണം. നെഞ്ചുകനത്ത് ശ്വാസമടയുംമട്ടിൽ വീർപ്പുമുട്ടി ഞാൻ ഇരുന്ന ബഞ്ചിൽനിന്ന് എഴുന്നേൽക്കാൻ ശ്രമിച്ചു. ബഞ്ചിലെ പശിമയുള്ള എന്തിലോ എന്റെ വസ്ത്രം ഒട്ടിവലിഞ്ഞു. അൻപിന്റെ ചുട്ടുകാരൻ കരഞ്ഞുകൊണ്ട് പറഞ്ഞു, കനാലിൽനിന്ന കണ്ടെ ശരീരം ഇവിടെ ഈ ബഞ്ചിലാണ് ആദ്യം കിടത്തിയിരുന്നത് എന്ന്. ഉള്ളിലൂടെ പാഞ്ഞ തരിപ്പിലൂടെ ഞാനാ രക്തപ്രളയം പേടിയോടെ നോക്കി. എനിക്ക് ആരൊക്കെയോ ആയിരുന്ന, അൻപ്, നാട്ടിലെ ഏക ഐ. എ. എസുകാരനായി കാറിൽവന്നിറങ്ങുന്ന ദൃശ്യം സ്വപ്നം കണ്ടിരുന്ന അൻപ്, അദൃശ്യ എന്ന ബാല്യകാല പ്രണയത്തെ ഇപ്പോഴും നാണത്തോടെ താലോലിച്ചു നടക്കുന്ന അൻപ്, ഉഷാറാണിയുടെ പ്രലോഭനത്തെ നേരിടാനാവാത്ത ധർമ്മസങ്കടത്തിലായ അൻപ്, ഏറ്റവും പുതിയ കമ്പ്യൂട്ടർ പ്രോഗ്രാമുകളും ലാൻഗ്വേജുകളും അനായാസമായി പഠിച്ചെടുക്കമ്പോഴും ഗരുഡപുരാണം വിടാതെ പിന്തുടർന്നിരുന്ന് ദ്രുതനസാക്ഷ്യം, അവന്റെ രക്തമാണ് ഇപ്പോൾ എന്നെ തൊട്ടുവലിച്ചത്. ജീവിതാശകൾ ഇപ്പോഴും ഒട്ടലായി ഉണങ്ങിക്കറപിടിച്ച ദ്രുതജാതകം!

അടുത്ത ചടങ്ങിനായി എല്ലാവരും എഴുന്നേറ്റതോടെ ഞാനും സെൽവനും ഒരല്പം മാറിനിന്നു. മുറ്റത്തെ കടത്തിൽ അൻപിന്റെ ചിതാഭസ്മമായിരുന്നു. അതിനെ മൂടിയിരുന്ന പട്ടുതുണി മാറ്റിയപ്പോൾ അതിൽനിന്നും തെറിച്ചു നിൽക്കുന്ന അസ്ഥിക്കഷണം ചൂണ്ടി സെൽവൻ പറഞ്ഞു, "കയ്യേ ല്ലമ്പ്..." ഇതൊക്കെയാണിനി ഒരു ജന്മത്തിന്റെ ബാക്കിയിരുപ്പ്.



കയ്യിലെ പവിത്രം അഴിച്ച് അതുകൂടി ഇലയിലേക്കുവച്ച് പ്രാർത്ഥിച്ച് തലയ്ക്കുകളിലൂടെ പിറകിലെ ഒഴുക്കിലെക്കെറിയാൻ കാർമ്മികൻ പറയുമ്പോൾ ഇനിയെങ്കിലും എല്ലാം തീരമെന്ന് ഞാൻ ആശിച്ചു. കാറ്റും മഴയും ശമിച്ചെങ്കിലും ഇപ്പോൾ പാപനാശിനിക്ക് ശൗര്യ വർദ്ധിച്ചതുപോലെ. അപാരമായ എന്തോ ഒന്നമായി വിനിമയം സാധിച്ചതിന്റെ ശാന്തി. അൻപ് എന്നോടു പൊറുത്തു എന്ന സമാധാനം, ആത്മബലിയുടെ ഭാരക്കറവ് - ഇതൊക്കെയാണ് ഞാൻ ആ നിമിഷം പ്രതീക്ഷിച്ചത്. ഞാൻ തിരിഞ്ഞുനോക്കുമ്പോൾ ചില്ലുഗ്ലീകൾ മാറിക്കഴിഞ്ഞിരുന്നു. സ്ലീകളും കാർമ്മികനും നടന്നകന്നതോടെ കാട്ടുമുഴുവൻ എനിക്കായി ഒരു ശൂന്യതാകരണം തിരയിലിനിന്നു.

ക്ഷേത്രത്തിൽ ഒന്നുകൂടി കയറിതൊഴുത് ഹോട്ടലിൽനിന്നു കാപ്പികടിച്ച് മുറിയിലെത്തിയതും ഇപ്പോഴും 'അത്' കേൾക്കുന്നുണ്ടോ എന്ന് കാതോർത്തു.

'അത്...'

പോക്കറ്റിൽ ഫോണമായി നടക്കുമ്പോഴും ഇരിക്കുമ്പോഴുമൊക്കെ, വളരെ നേർത്ത ശബ്ദത്തിൽ ഇടയിലെ ആരോ വിദൂരതയിൽനിന്നു വിളിക്കുന്നതുപോലെ. തോന്നലല്ല, സത്യമായും ഞാനതു കേൾക്കുന്നു. ആരോ ഒന്നിരിക്കത്തെ തിരിച്ചറിയാനാവാത്ത ചെറിയ, വളരെ ചെറിയ ശബ്ദം. ശ്രദ്ധിച്ചാൽ മേലാകെ തരിപ്പു പടർത്തുന്ന അതീന്ദ്രിയസംവേദനം. ഷർട്ടിലെ പോക്കറ്റിൽനിന്നു മാറ്റി പാന്റിലും പിന്നെ ബാഗിലും ഫോൺ വച്ചുനോക്കി. സർവ്വശക്തിയും സംഭരിച്ച് ഫോണെടുക്കാതെ യാത്രചെയ്യാൻ നോക്കി. അപ്പോഴും കേൾക്കാം എടുകാലിവലപോലെ നേർത്ത അവ്യക്തശബ്ദങ്ങൾ. കിടക്കമ്പോൾ തലയണയ്ക്കടിയിൽനിന്നു വരെ അതു കേൾക്കുന്നു.

നാട്ടിലേക്കപോയ അൻപിന്റെ ഫോണിൽനിന്നും അവസാനിയാതെ വിളിച്ചെന്നു വന്ന വിളി എന്നോടെന്തോ പറയാൻ ശ്രമിച്ച് ദയനീയമായി പരാജയപ്പെട്ടതായിരുന്നു. പ്രേതാത്മാവായി അലയുന്ന അവന് പിണ്ഡദേഹം ലഭിക്കുന്നതുവരെ നരകയാതന തുടരുമെന്നുള്ള ഗരുഡപുരാണമന്ദരോട് ജീവിക്കുന്നവരോട് അലറിവിളിച്ചു കേഴുന്ന കേൾക്കാനിന്ന് പ്രേതങ്ങളിലൊന്നാവാം അൻപ്. പാവം എന്റെ അൻപും യാതനാശരീരവുമായി ഇപ്പോഴും എവിടെയോ ഉണ്ടെന്ന തോന്നൽ എന്നെ ഉന്മത്തനാക്കിക്കൊണ്ടിരുന്നു.

ബ്രഹ്മഗിരിയുടെ നിരൽവിണ്ണ വഴിയിലൂടെ അതിവേഗം തിരിച്ചുപായുന്ന ബസ്സിലിരിക്കുമ്പോൾ ഞാൻ ആദ്യം ചെയ്ത കാര്യം, ഫോൺ ഇറന്ന് അതിലെ കോൺടാക്ട് ലിസ്റ്റിൽനിന്ന് മരിച്ചുപോയവരുടെ നമ്പറുകൾ നിഷ്കരുണം ഡിലീറ്റുചെയ്യുകയായിരുന്നു. അകാരകൃതത്തിലുള്ള ആ പേരുകളിൽ ആദ്യത്തേത് അൻപിന്റേതായിരുന്നു. ആ അരക്ഷയ്യാളുള്ള ആ കൊലപാതകത്തിന് ഗരുഡപുരാണത്തിലെ ശിക്ഷ എന്തുതന്നെയായാലും അതേറ്റുവാങ്ങാൻ ഞാനു നേരിടാൻ തയ്യാറായിരുന്നു.

□

ടി. ശ്രീവത്സൻ

1971-ൽ പാലക്കാട്ട് ജനിച്ചു. കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഭാഷാശാസ്ത്രത്തിൽ പി എഛ് ഡി എടുത്തു. 2002 മുതൽ ഗവ. കോളേജ് മലയാളം അധ്യാപകൻ. ആംബുലൻസ്, നിസ്സാരോപദേശകഥകൾ എന്നീകഥാസമാഹാരങ്ങളും ഈഡിപ്പസ് യന്ത്രം, നവമനോവിശ്ലേഷണം, മതേതരത്വത്തിനുശേഷം, ഹരിതഭാഷാവിചാരം എന്നീ പഠനങ്ങളും ജർമ്മനിയിൽ നിന്ന് 'Linguistic Convergence: Konkani - Malayalam contact Situation' എന്ന പുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആനുകാലികങ്ങളിൽ കഥകളും പഠനങ്ങളുമെഴുതുന്നു.

കലിഗ്രഫി: എൻ. ഭട്ടതിരി
ചിത്രങ്ങൾ: വി. പി. സുനിൽകുമാർ

RIVER VALLEY
DIGITAL LIBRARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരച്ചുഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്യു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.